LIBRARY ARCHIVES Kerala Legislative Assembly

കടൽഭിത്തി പുനർനിർമ്മാണം

165(865) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനിയിൽ കടൽക്ഷോഭത്താൽ തീരദേശ റോഡുകൾ അടക്കം കടലെടുത്ത് ഒറ്റപ്പെട്ട് കിടക്കുന്ന പാലപ്പെട്ടി അജ്മീർ നഗറിൽ കടൽഭിത്തി പുനർനിർമ്മിച്ച് ജനങ്ങളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പ്രസ്തുത കടൽഭിത്തി അടക്കം പൊന്നാനിയിൽ പൂർണ്ണമായി തകർന്ന ലൈറ്റ് ഹൗസ് മുതൽ തെക്കോട്ട് കാപ്പിരിക്കാട് വരെയുള്ള ഭാഗത്ത് ഭിത്തി നിർമ്മാണത്തിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പാലപ്പെട്ടി അജ്മീർ നഗറിൽ കടൽഭിത്തിയുടെ പുനരുദ്ധാരണത്തിന് ഫ്ലഡ് മാനേജ്മെന്റ് പ്രോഗ്രാമിൽ (എഫ്.എം.പി.) ഉൾപ്പെടുത്തി 12.20 കോടി രൂപയുടെ എസ്റ്റിമേറ്റ് (2500 മീറ്റർ നീളം) തയ്യാറാക്കിയിട്ടുണ്ട്.

(ബി) പൊന്നാനി മണ്ഡലത്തിലെ തകർന്ന കടൽഭിത്തികൾ പുനർനിർമ്മിക്കുന്നതിന് 18 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ കേരള നിയമസഭയുടെ ഉറപ്പുകൾ സംബന്ധിച്ച സമിതി (2011-2014)-യുടെ തീരുമാന പ്രകാരം കേരളത്തിന്റെ തീരപ്രദേശങ്ങളിൽ അനുഭവപ്പെടുന്ന കടൽക്ഷോഭങ്ങളെക്കുറിച്ച് സമഗ്രമായ പഠനം നടത്തുവാനും കടൽക്ഷോഭത്തെ തടയുന്നതിന് പുലിമുട്ടുകൾ ഫലപ്രദമാണോ എന്ന് പരിശോധിക്കുന്നതിനുംവേണ്ടി കേന്ദ്ര ജലവിഭവ വകുപ്പിന്റെ കീഴിലുള്ള പൂനെയിലുള്ള CWPRS (Central Water Power Research Station)-നെ ചുമതലപ്പെടുത്തുകയുണ്ടായി. CWPRS-ന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കടൽഭിത്തിയുടെയും/പുലിമുട്ടുകളുടെയും ഡിസൈൻ തയ്യാറാക്കിയതിനുശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

മൂർക്കനാട് കുടിവെള്ള പദ്ധതി

166(866) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂർക്കനാട് കുടിവെള്ള പദ്ധതി എന്നാണ് ആരംഭിച്ചതെന്നും എത്ര തുകയാണ് പ്രസ്തുത കുടിവെള്ള പദ്ധതിക്കായി ചെലവഴിച്ചതെന്നും വ്യക്തമാക്കാമോ;

(ബി) വിവിധ ഘട്ടങ്ങളായി പ്രവർത്തനം തുടങ്ങിയ മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ ഓരോ ഘട്ടത്തിനും ഭരണാനുമതി ലഭിച്ച വർഷവും തുകയും വ്യക്തമാക്കാമോ?

ഉത്തരം

(എ) 17-1-2015-ലാണ് മൂർക്കനാട് കുടിവെള്ള പദ്ധതി ആരംഭിച്ചത്. ഇതുവരെയായി 3,594.07 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) മൂർക്കനാട് കുടിവെള്ള പദ്ധതിക്ക് അഞ്ച് ഘട്ടങ്ങളിലായി താഴെപ്പറയുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

നമ്പർ	പദ്ധതി	വർഷം	വകയിരുത്തിയ തുക (തുക ലക്ഷത്തിൽ)
1	ഘട്ടം-1 (മൂർക്കനാട് വില്ലേജ്)	2003	350.00
2	ഘട്ടം-2 (കുറുവ വില്ലേജ്)	2003	650.00
3	ഘട്ടം-3 (പുഴക്കാട്ടിരി-വടക്കങ്ങര വില്ലേജ്)	2003	630.00
4	ഘട്ടം-4 (കുട്ടിലങ്ങാടി വില്ലേജ്)	2003	675.00
5	ഘട്ടം-5 (മങ്കട വില്ലേജ്)	2003	675.00

മുഴുവൻ പ്രവൃത്തികളും നടപ്പിലാക്കുന്നതിന് ഭരണാനുമതി തുക തികയാതെ വന്നതിനാൽ വിവിധ ഘട്ടങ്ങളുടെ വിതരണശൃംഖലയ്ക്ക് എസ്.എൽ.എസ്.എസ്.സി.-യിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പ്രവൃത്തികൾക്ക് പുതിയ ഭരണാനുമതി നൽകി:

നമ്പർ	പദ്ധതി	വർഷം	തുക (തുക ലക്ഷത്തിൽ)
1	SLSSC 2010 ഘട്ടം-3 പുഴക്കാട്ടിരി, വടക്കങ്ങര വില്ലേജ് - വിതരണ ശൃംഖല സ്ഥാപിക്കൽ	2012	385.00
2	SLSSC 2010 ഘട്ടം-1 മൂർക്കനാട് വില്ലേജ് - എച്ച്.എൽ. സോൺ ഭാഗം-1	2012	200.00
3	SLSSC 2013 ഘട്ടം-1 മൂർക്കനാട് വില്ലേജ് - എൽ.എൽ. സോൺ	2013	83.07
4	SLSSC 2013 ഘട്ടം-2 കുറുവ വില്ലേജ് - വിതരണ ശൃംഖല	2013	663.25
5	SLSSC 2013 ഘട്ടം-5 മങ്കട വില്ലേജ് - വിതരണ ശൃംഖല	2013	600.00
6	SLSSC 2014 ഘട്ടം-4 കുട്ടിലങ്ങാടി വില്ലേജ് - വിതരണ ശൃംഖല	2014	600.00
7	SLSSC 2014 ഘട്ടം-1 മൂർക്കനാട് വില്ലേജ് - വിതരണ ശൃംഖല - എച്ച്.എൽ. സോൺ ഭാഗം-2	2014	198.00

LIBRARY ARCHIVES Kerala Legislative Assembly